മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ :

തിരുവനന്തപുരം സിറ്റി-1

എറണാകുളം സിറ്റി -1

കോഴിക്കോട് സിറ്റി-1

ക്രൈംബ്രാഞ്ച് വിഭാഗം-1

എം.എസ്.പി. റേഞ്ച് വർക്ക് ഷോപ്പ്-1

ഐ.ആർ.ബറ്റാലിയൻ-1

മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ :

കൊല്ലം സിറ്റി-1

ആലപ്പുഴ-1

തൃശ്ശൂർ സിറ്റി-1

പാലക്കാട്-1

കണ്ണൂർ-1

ആർ.ആർ.ആർ.എഫ്-1

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇരുചക്രവാഹനങ്ങളും ബോട്ടുകളും ഉൾപ്പെടെ പോലീസ് മോട്ടോർ വാഹനയൂണിറ്റിൽ ആകെ 6947 വാഹനങ്ങളുണ്ട്. വാഹനങ്ങൾക്ക് ആനുപാതികമായി ഉദ്യോഗസ്ഥർ നിലവിലില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ സാമ്പത്തിക പരിതസ്ഥിതിയിൽ ടി അവസ്ഥ പരിഹരിക്കാൻ നിർവ്വാഹമില്ല.

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. പോലീസ് വാഹനങ്ങൾ യഥാസമയം മെയിന്റനൻസ് ചെയ്യുന്നുണ്ട്.

ഫയർ & റെസ്ക്യൂ വകുപ്പിലെ പ്രശ്നങ്ങൾ

181 (7744) ശ്രീ. എളമരം കരീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ & റെസ്ക്യൂ വകുപ്പിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ മുൻ കമാൻഡിംഗ് ജനറലിന്റെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ ഫയർഫോഴ്സ് ബുദ്ധിമുട്ട് അനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദുരന്ത നിവാരണ ഉപകരണങ്ങൾ വാങ്ങുന്നതിനും, ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പരിശോധിച്ചുവരുന്നു. നിലവിൽ ആധുനിക വാഹനങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

അഗ്നിശമന സേനാ നവീകരണം

182 (7745) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്നിശമന സേനാ വിഭാഗത്തെ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) അതിനായി കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കമ്മീഷൻ, പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിനെ നവീകരിക്കുന്നതിന് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച ഏകാംഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി & സി) ഉണ്ട്. ശ്രീ. കെ.എസ്. ജംഗ്പാംഗി, ഐ.പി.എസ്. ചെയർമാനായ ഏകാംഗ കമ്മീഷൻ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. Risk Management Solutions.inc (RMSI) പഠന റിപ്പോർട്ട് ബ്ലൂപ്രിന്റായി സ്വീകരിച്ച് സംസ്ഥാനത്തെ ഫയർ സ്റ്റേഷനുകളുടെ എണ്ണം 228 ആക്കുക.

2. അഗ്നിശമന ഉപാധികളുടെ എണ്ണത്തിനും ഉപയോഗത്തിനുമനുസരിച്ച് മാൻ പവർ വർദ്ധിപ്പിക്കുക. അവശ്യസേവനങ്ങൾ അനുയോജ്യമാംവിധം

LIBRARY ARCHIVES Kerala Legislative Assembly